# മാതൃകാ ചോദ്യപേപ്പർ – 2009

## മലയാളം
## SET - II

***പൊതുനിർദ്ദേശങ്ങൾ***

- ആകെ 10 ചോദ്യങ്ങളാണ് തന്നിരിക്കുന്നത്.
- പത്ത് ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ചോദ്യങ്ങൾ ശരിയായി വായിച്ചുമനസ്സിലാക്കിയതിനുശേഷമേ ഉത്തരമെഴുതാവൂ.
- ഓരോ ചോദ്യത്തിനും പ്രതീക്ഷിക്കുന്ന ദൈർഘ്യം ചോദ്യത്തിനൊപ്പം നൽകിയിട്ടുണ്ട്.
- സമയം പാലിച്ചുകൊണ്ട് ഉത്തരമെഴുതാൻ ശ്രമിക്കണം.

---

1. വായ്ത്താരി ചേർക്കുക 2

ചുവടെ കൊടുത്തിരിക്കുന്ന വരികൾക്ക് ഉചിതമായ വായ്ത്താരി ചേർക്കുക.
നിറന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽ കൂട്ടി തിറമൊടു കെട്ടി

2. എഡിറ്റു ചെയ്യുക 6

ഇക്കൊല്ലത്തെ ഓണാഘോഷ പരിപാടിയിൽ മുൻവർഷത്തേക്കാൾ പൂർവ്വാധികം ഭംഗിയായി മനോഹരമായി ആഘോഷിക്കുവാൻ തീരുമാനിച്ച വിവരങ്ങൾ നാട്ടുകാരെ അറിയിച്ചുകൊള്ളുന്നു.

3. വിശകലനം ചെയ്യുക 10

ഗാന്ധിജിയുടെ അഭിപ്രായത്തിൽ കവിതക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

4. എഡിറ്റോറിയൽ (അരപ്പുറം) 10

മൊബൈൽഫോൺ ഒരു നിത്യോപയോഗ വസ്തുവായിരിക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലാകട്ടെ അതിന്റെ ഉപയോഗം വർദ്ധിച്ചുവരികയും ചെയ്യുന്നു. ഈ സൗകര്യം ദുരുപയോഗം ചെയ്യുന്നതായി പലകോണുകളിൽ നിന്നും പരാതി ഉയർന്നിട്ടുണ്ട്. നിങ്ങൾ തയാറാക്കുന്ന ഒരു കൈയെഴുത്ത് മാസികയിലേക്ക് ഈ വിഷയത്തെ ആസ്പദമാക്കി മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

5. സ്വാഗതപ്രസംഗം തയ്യാറാക്കുക 10

"ലോകപരിസ്ഥിതി ദിനം" പ്രമാണിച്ച് പഞ്ചായത്ത് തലത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നു. സെമിനാറിൽ സ്വാഗതപ്രസംഗം നടത്തേണ്ടത് നിങ്ങളാണ്. സ്വാഗതപ്രസംഗം തയാറാക്കുക.

5x1=5

6. പോസ്റ്റർ രൂപകൽപ്പന ചെയ്യുക 12

"യുദ്ധം" മൂലമുണ്ടാക്കുന്ന വിനാശങ്ങൾ വളരെയേറെയാണ്. പൊതു ജനങ്ങളെ ബോധവല്ക്കരിക്കുന്നതിന് വേണ്ടി യുദ്ധത്തിനെതിരെ പോസ്റ്റർ തയ്യാറാക്കുക

7. നിവേദനം തയ്യാറാക്കുക. 10

പഞ്ചായത്തിലൂടെ ഒഴുകുന്ന ശുദ്ധജലം നിറഞ്ഞ് പുഴയെ അടുത്തുള്ള ഫാക്ടറിയിലെ മലിനജലം ഒഴുക്കി മലിനപ്പെടുത്തുന്നു. ഇത് തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു നിവേദനം തയ്യാറാക്കുക.

8. ഡയറികുറിപ്പ് തയ്യാറാക്കുക. 10

യേശുവിനെ കണ്ടുവന്നതിനുശേഷം മഗ്ദലനമറിയം എഴുതുവാനിടയുള്ള ഒരു ഡയറിക്കുറിപ്പ് എഴുതുക.

9. കഥാപാത്ര നിരൂപണം (രണ്ട്പുറം) 15

ലൂക്കോസിന്റെ അപ്പൻ (അയാളുടെ സാമൂഹികവീക്ഷണം മനോഭാവം) ഇവ ഉൾപ്പെടുത്തണം.

10. ഉപന്യാസം തയ്യാറാക്കുക. (രണ്ടുപുറം) 15

"സാഹിത്യകാരന് സമൂഹത്തിനോട് കടപ്പാടുണ്ടോ?"

# മലയാളം
# SET - III

***പൊതുനിർദ്ദേശങ്ങൾ***

- ❖ ആകെ 10 ചോദ്യങ്ങളാണ് തന്നിരിക്കുന്നത്.
- ❖ പത്ത് ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ❖ ചോദ്യങ്ങൾ ശരിയായി വായിച്ചുമനസ്സിലാക്കിയതിനുശേഷമേ ഉത്തരമെഴുതാവൂ.
- ❖ ഓരോ ചോദ്യത്തിനും പ്രതീക്ഷിക്കുന്ന ദൈർഘ്യം ചോദ്യത്തിനൊപ്പം നൽകിയിട്ടുണ്ട്.
- ❖ സമയം പാലിച്ചുകൊണ്ട് ഉത്തരമെഴുതാൻ ശ്രമിക്കണം.

---

1. വായ്ത്താരി ചേർക്കുക 2
ചുവടെ കൊടുത്തിരിക്കുന്ന വരികൾക്ക് ഉചിതമായ വായ്ത്താരി ചേർക്കുക.
ഒന്നാനാം കുന്നിന്മേൽ ഓരാടിക്കുന്നിന്മേൽ
ഓരായിരം കിളി കൂടണച്ചു

2. എഡിറ്റു ചെയ്യുക 6
ഇക്കൊല്ലത്തെ ഓണാഘോഷ പരിപാടിയിൽ മുൻവർഷങ്ങളേക്കാൾ പൂർവ്വാധികം ഭംഗിയായി മനോഹരമായി ആഘോഷിക്കുവാൻ തീരുമാനിച്ച വിവരരം എല്ലാവരേയും അറിയിച്ചുകൊളളുന്നു. നാട്ടുകാരെ അറിയിച്ചുകൊള്ളുന്നു.

3. സ്വാഗതപ്രസംഗം തയ്യാറാക്കുക. (അരപ്പുറം) 10
പുകയില വിരുദ്ധദിനത്തോടനുബന്ധിച്ച് പഞ്ചായത്ത് തലത്തിൽ നടത്തുന്ന ബോധവത്കരണ പരിപാടിയുടെ ഭാഗമായുള്ള പൊതുയോഗത്തിൽ നിങ്ങളാണ് സ്വാഗതപ്രസംഗം ചെയ്യേണ്ടത്. അതിനായി സ്വാഗതപ്രസംഗം തയ്യാറാക്കുക.

4. വ്യാഖ്യാനിക്കുക 10
ദുഷ്ടപ്പരുന്തിന്റെ വായിൽനിന്നീഗതി-
കെട്ട കപോതിയെദ്ദീനബന്ധോ
അഞ്ജസാ വീണ്ടെടുത്തെൻ തിരുമേനിതൻ
പഞ്ജരം തന്നിലണയ്ക്കേണമേ

5. എഡിറ്റോറിയൽ തയ്യാറാക്കുക. (അരപ്പുറം) 10
സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളനുഭവിക്കുന്ന പീഢനങ്ങൾക്ക് ഇന്നും ക്ഷാമമില്ല. നിങ്ങൾ തയ്യാറാക്കുന്ന കൈയെഴുത്തു മാസികയിലേക്ക് ഈ വിഷയത്തെ ആസ്പദമാക്കി മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

6. പോസ്റ്റർ രൂപകൽപ്പന ചെയ്യുക 12
മദ്യവും മയക്കുമരുന്നും സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് നിങ്ങൾക്ക് അറിയാമല്ലോ. പൊതുജനങ്ങളെ ബോധവത്ക്കരിക്കുക. എന്ന ലക്ഷ്യത്തോടെ അതിനെക്കുറിച്ച് ഒരു പോസ്റ്റർ തയ്യാറാക്കുക.

7. നിവേദനം തയ്യാറാക്കുക. (ഒരു പുറം) 10
നിങ്ങളുടെ തുടർവിദ്യാകേന്ദ്രത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഇല്ല. ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു നിവേദനം സ്ഥലം എം.എൽ.എ.യ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കുക.

8. കത്തെഴുതുക (ഒരു പുറം) 10
നിങ്ങളുടെ ജിവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവത്തെക്കുറിച്ച് നിങ്ങളുടെ സുഹൃത്തിന് ഒരു കത്തെഴുതുക.

9. ആസ്വാദനം തയ്യാറാക്കുക (രണ്ടുപുറം) 15
സീത തന്റെ ആഗ്രഹം ഭർത്താവിനെ അറിയിച്ച രീതിയും രാമന്റെ പ്രതികരണവും ചുരുക്കിയെഴുതുക.

അല്ലെങ്കിൽ

കാട് നാടാകുന്നു, നാട് നഗരമാകുന്നു, നഗരം നരകമാകുന്നു, ഈ അവസ്ഥ കേരളത്തെ എത്ര മാത്രം മാറ്റി മറിച്ചിട്ടുണ്ടെന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ടെലിവിഷൻ പരിപാടിയെക്കുറിച്ച് ഒരാസ്വാദനം തയ്യാറാക്കുക.

# മലയാളം
# SET - IV

***പൊതുനിർദ്ദേശങ്ങൾ***

- ❖ ആകെ 10 ചോദ്യങ്ങളാണ് തന്നിരിക്കുന്നത്.
- ❖ പത്ത് ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- ❖ ചോദ്യങ്ങൾ ശരിയായി വായിച്ചുമനസ്സിലാക്കിയതിനുശേഷമേ ഉത്തരമെഴുതാവൂ.
- ❖ ഓരോ ചോദ്യത്തിനും പ്രതീക്ഷിക്കുന്ന ദൈർഘ്യം ചോദ്യത്തിനൊപ്പം നൽകിയിട്ടുണ്ട്.
- ❖ സമയം പാലിച്ചുകൊണ്ട് ഉത്തരമെഴുതാൻ ശ്രമിക്കണം.

---

1. പട്ടിക ക്രമപ്പെടുത്തുക

| | | |
|---|---|---|
| എഴുത്തച്ഛൻ | - | വഞ്ചിപ്പാട്ട് |
| കുഞ്ചൻ നമ്പ്യാർ | - | കിളിപ്പാട്ട് |
| ചെറുശ്ശേരി | - | തുള്ളൽപാട്ട് |
| രാമപുരത്തുവാരിയർ | - | ഗാഥ |
| | - | ജ്ഞാനപ്പാന |

4

2. അർത്ഥം വിശദീകരിക്കുക.
“പക്ഷികളൊക്കെ പലവഴി വന്നൊരു
വൃക്ഷത്തെയാശ്രയിച്ചൊട്ടുനേരം വസി-
ച്ചൊക്കെയോരോവഴി പിന്നെ പറന്നുപോം
ദുഃഖിക്കുമാറില്ലതിനാരുമേ”
- ഈ പദ്യഭാഗത്തിന് ആവശ്യമായ വിശദീകരണം കൊടുക്കുക. 5

3. പോസ്റ്റർ തയാറാക്കുക.
പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങൾ തിരിച്ചറിയുന്നതിന് ജനങ്ങളെ സഹായിക്കുന്നതിന് പര്യാപ്തമായ ഒരു പോസ്റ്റർ തയ്യാറാക്കുക. 8

ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

4. നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും സിനിമയെക്കുറിച്ച് ആസ്വാദനം തയ്യാറാക്കുക.
(കഥ, തിരക്കഥ, ഗാനങ്ങളുടെ മികവ്, സിനിമയുടെ സാമൂഹിക പ്രസക്തി, സിനിമയിലെ സന്ദേശം എന്നിവയെല്ലാം ആസ്വാദനത്തിൽ ഉൾപ്പെടുത്തണം. 8

5. വ്യാഖ്യാനിക്കുക
‘കവിത ആർക്കുവേണ്ടി’ എന്ന പാഠഭാഗത്തിലെ ‘സഹൃദയൻ’, ‘വക്രോക്തി’ എന്നീ പദങ്ങൾ 8

6. താഴെ തന്നിരിക്കുന്ന സൂചനകളിൽനിന്നും പത്രവാർത്ത തയ്യാറാക്കുക
തൃശ്ശൂർ - മെയ് 22, സാഹിത്യസമാജം ഉദ്ഘാടനം - ഒ.എൻ.വി.കുറുപ്പ് - സാഹിത്യ സാംസ്കാരിക നായകന്മാർ പ്രസംഗിച്ചു - പുസ്തകപ്രകാശനം - കവിതസദസ്സ് - പുസ്തകപ്രദർശനം - സമാപനം മെയ് 25 10

7. നന്ദി പ്രസംഗം തയാറാക്കുക
വിയ്യൂർ തുടർവിദ്യാകേന്ദ്രത്തിൽ നടന്ന ലഹരിവിരുദ്ധ സെമിനാറിന്റെ കാര്യപരിപാടിയുടെ മാതൃക ചുവടെ കൊടുത്തിരിക്കുന്നു. ഇതിലെ സൂചനകൾ പ്രയോജനപ്പെടുത്തി ഒരു നന്ദി പ്രസംഗം തയാറാക്കുക.
(ആമുഖമായി ലഹരിവിരുദ്ധതയെക്കുറിച്ച് പ്രസംഗവും അവതരിപ്പിക്കുക)
കാര്യപരിപാടി
29-02-09 വെള്ളി :
രാവിലെ 10ന് ഉദ്ഘാടന സമ്മേളനം :
ഈശ്വരപ്രാർത്ഥന :

| | | |
|---|---|---|
| സ്വാഗതം | : | ശ്രീമതി നന്ദിനി ടീച്ചർ (തുടർവിദ്യാകേന്ദ്രം പ്രേരക്) |
| അധ്യക്ഷൻ | : | ശ്രീ. വർഗ്ഗീസ് സാർ (തുടർവിദ്യാകേന്ദ്രത്തിലെ ഇൻസ്ട്രക്ടർ) |

ഉദ്ഘാടനം : ഫാ. ഡേവീസ് ചക്കാലയ്ക്കൽ
(ലഹരിവിരുദ്ധ സമിതി ഡയറക്ടർ)

ആശംസകൾ : ശ്രീ. സി. അച്ചുതൻ (പഞ്ചായത്ത് മെമ്പർ)
: ശ്രീ. കെ.പി. സുധാകരൻ (സാംസ്ക്കാരിക പ്രവർത്തകൻ)

സെമിനാർ, ക്ലാസ്സുകൾ :

നന്ദി : ശ്രീമതി. സേതുലക്ഷ്മി (തുടർവിദ്യാകേന്ദ്രത്തിലെ പഠിതാവ്)10

8. പത്രാധിപർക്കുള്ള കത്ത് തയാറാക്കുക.

നഗരത്തിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പത്രാധിപർക്ക് കത്ത് തയാറാക്കുക. (മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതിനുള്ള കാരണം – ഉത്തരവാദികൾ – പരിസ്ഥിതി പ്രശ്നങ്ങൾ – രോഗങ്ങൾ – പരിഹാരമാർഗ്ഗം – എന്നിവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടു വേണം കത്ത് തയ്യാറാക്കേണ്ടത്) 12

9. ഉപന്യാസം തയ്യാറാക്കുക

ജന്മിത്വത്തെ വിമർശിക്കുകയും കർഷകരുടെ ദൈന്യത എടുത്തുകാണിക്കുകയും ചെയ്ത 'പാട്ടബാക്കി' എന്ന നാടകത്തിന്റെ ആധുനിക പ്രസക്തി എന്ത്?

അല്ലെങ്കിൽ

കഥകളി, യക്ഷഗാനം എന്നീ കലാരൂപങ്ങളെ കുറിച്ച് വിശദീകരിച്ച് താരതമ്യപഠനം തയ്യാറാക്കുക.

15

10. വിവർത്തനം ചെയ്യുക

Ayyankali - Ayyankali was born in 1863 at Venganoor near Thiruvananthapuram as the son of Plavarathara Ayyan Pulayan and Mala. At that time of untouchability he used to travel in a bullock cart drawn by two white bullocks. In 1888 he married Chellamma. He founded the Sadhujanaparipalana Sanghom in 1905. As a part of his struggle against untouchability he managed to get a dalit child admitted to Kandala School in 1910. Later he became a member of Sreemoolam Praja Sabha. He met Gandhiji in 1936. He died in 1941.

അല്ലെങ്കിൽ

ഉപന്യാസം തയ്യാറാക്കുക

കേരളത്തിലെ ആണ്ടറുതികളെ (വിഷു-ഓണം-തിരുവാതിര)ക്കുറിച്ച് വിശദീകരിച്ച് ആധുനിക കാലഘട്ടത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ എഴുതുക. 20

# മലയാളം
## SET - V

I. ഔചിത്യം വിശദമാക്കുക.

1. 'കന്നിക്കൊയ്ത്ത്' എന്ന് കവിതാ ശീർഷകത്തിന്റെ ഔചിത്യം വിശദമാക്കുക.

2. 'എന്നും ചത്താൽ കണ്ണോക്കില്ല' എന്ന പഴഞ്ചൊല്ലിന്റെ ഔചിത്യം പരിശോധിക്കുക. 2

II. ഭാഷാപരമായ അഭംഗി കണ്ടെത്തുക

1. പ്രാചീന കവിത്രയത്തിൽപ്പെട്ട മഹാകവികളാണല്ലോ എഴുത്തച്ഛനും കുഞ്ചൻനമ്പ്യാരും മഹാകവി കുമാരനാശാനും. കാവ്യരചനയിൽ ഭിന്നമാർഗ്ഗങ്ങളും വ്യത്യസ്ത മാർഗ്ഗങ്ങളുമാണ് അവർ കൈക്കൊണ്ടതും സ്വീകരിച്ചതും. ഭിന്നമാർഗ്ഗങ്ങളിലൂടെയാണെങ്കിലും ഇവർ കേരളീയ സമൂഹത്തിന്റെ നവോത്ഥാനത്തിന് വഴികാട്ടികളും മാർഗ്ഗദർശികളുമായി. കേരളീയ ജനതയെ മാനസികമായും സാംസ്ക്കാരികമായും കൂട്ടിച്ചേർത്ത് ഒരുമിച്ച് ഒരു ശക്തി സ്രോതസ്സാക്കി തീർക്കാൻ യത്നിച്ച കവിയാണ് തുഞ്ചത്ത് എഴുത്തച്ഛൻ. 3

III. ആമുഖ പ്രഭാഷണം തയ്യാറാക്കുക

1. തൊഴിലുറപ്പ് പദ്ധതിയോടനുബന്ധിച്ച് നടത്തുന്ന യോഗത്തിൽ 'സെക്രട്ടറി' എന്ന നിലയിൽ നിങ്ങൾ നടത്തുന്ന പ്രഭാഷണം തയ്യാറാക്കുക.

അല്ലെങ്കിൽ

2. ജലവിനിയോഗം കർശനമാക്കി ജലക്ഷാമത്തിൽനിന്ന് ഗ്രാമീണരെ രക്ഷിക്കാൻ ഒരു ബോധവത്ക്കരണ പ്രഭാഷണം തയ്യാറാക്കുക. 8

IV. ആസ്വാദനം തയ്യാറാക്കുക.

1. 'മാരീചൻ' എന്ന കവിതയ്ക്ക് നിങ്ങളുടെ ഒരു ആസ്വാദനം തയ്യാറാക്കുക.

അല്ലെങ്കിൽ

2. 'ഗാന്ധിയും കവിതയും' എന്ന കവിതാ ഭാഗത്തിന് ഒരു ആസ്വാദനം തയ്യാറാക്കുക. 8

V. കുറിപ്പ് തയ്യാറാക്കുക

1. 'അപ്പപ്പോൾ പാതകം ചെയ്തതിനൊക്കെയുമീപശ്ചാത്താപമേ പ്രായശ്ചിത്തം' 7

VI പരിഭാഷ തയ്യാറാക്കുക

**The Water we need**

Clear water is essential for health, indeed. Water is essential for life itself. People survive without food for upto two months. But without water, they will die with in three days. The World Health Organisation estimates that a person needs five litres of water every day for cooking and eating, but a further 25 and 45 litres are needed for each person to stay clean and healthy 20

VII. വിശദീകരണമെഴുതുക.

1. പരസ്യങ്ങളുടെ സ്വാധീനം യുവതലമുറയിൽ എന്ന വിഷയത്തെക്കുറിച്ച് ഒരു വിശദീകരണം തയ്യാറാക്കുക.

അല്ലെങ്കിൽ

2. ഗാന്ധിജിയുടെ ലളിത ജീവിതത്തെക്കുറിച്ച് വിശദീകരിക്കുക. 10

VIII. കുറിപ്പ് തയ്യാറാക്കുക

1. പഴഞ്ചൊല്ലുകൾ
2. ഭക്തിപ്രസ്ഥാനം
3. പാട്ടബാക്കി
4. ലൂക്കോസിന്റെ ജീവിത വീക്ഷണം
5. വിവർത്തകന്മാർക്കുവേണ്ട ഗുണങ്ങൾ
6. ആഘോഷങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം 10

IX.

1. നിവേദനം തയ്യാറാക്കുക

പഞ്ചായത്തുതോറും സാക്ഷരതാ മിഷനുവേണ്ടി കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനായി പൊതുമരാമത്ത് മന്ത്രിക്ക് ഒരു നിവേദനം തയ്യാറാക്കുക. 10

X. ഉപന്യാസം തയ്യാറാക്കുക

1. നാടൻ കലകൾ

അല്ലെങ്കിൽ

2. വായന കുറയാനുള്ള കാരണങ്ങൾ

അല്ലെങ്കിൽ

3. മാധ്യമപ്രവർത്തകരുടെ പങ്ക് 20

# മലയാളം
## SET - V

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താവ് ആര്?
(കുഞ്ചൻ നമ്പ്യാർ, ഉള്ളൂർ, എഴുത്തച്ഛൻ)

2. 'നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടുപുല്ലല്ല സാധുപുലയൻ' ആരുടെ വരികളാണ്?
(കുമാരനാശാൻ, കടമ്മനിട്ട, അക്കിത്തം)

3. 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' ഇത്?
(ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം)

4. ആദികാവ്യത്തിന്റെ കർത്താവ്
(ചെറുശ്ശേരി, വ്യാസൻ, വാല്മീകി)

5. നാലപ്പാട്ട് നാരായണമേനോൻ പരിഭാഷപ്പെടുത്തിയ കൃതി?
(യേശുദേവൻ, ശ്രീബുദ്ധൻ, പാവങ്ങൾ) 5

II. ഉചിതമായ ഉത്തരങ്ങൾ എഴുതുക.

6. സൂക്ഷ്മമായ സ്വഭാവ ചിത്രീകരണം നടത്തുന്നതിന് ............................... എന്ന് പറയുന്നു.
7. നാടകം പോലെ ദർശനയോഗ്യമല്ല .................................
8. മലരണിക്കാടുകളുടെ ശീതളഛായ പകർന്നുതന്ന കവി .......................
9. നിലവാരം കുറഞ്ഞ കലാപ്രകടനങ്ങൾ മൊത്തമായി നൽകുന്ന പരിഹാസപ്പേര് .......................
10. ലോകത്തിലെ പല ഉത്തമ സാഹിത്യകൃതികളും നമുക്ക് ലഭിക്കുന്നത് ........................... കളിലൂടെയാണ്. 5

III. ഖണ്ഡികയിൽ എഴുതുക (ഏതെങ്കിലും അഞ്ച്)

11. യക്ഷഗാനം
12. പത്രമുടമസ്ഥരും ക്ലബ്ബും
13. സീരിയലും വിദ്യാർത്ഥികളും
14. ഹരിതവിപ്ലവം
15. 'പട്ടിണിയും പരിവട്ടവും' എന്ന ശൈലിയുടെ വിശദീകരണം
16. കന്നിക്കൊയ്ത്ത് എന്ന പദ്യത്തിലെ വൃദ്ധജനങ്ങളുടെ സംഭാഷണങ്ങൾ 10

IV. കഥാസ്വാദനം തയ്യാറാക്കുക

17. ലൂക്കോസ് 10

V. കഥാപാത്ര നിരൂപണം തയ്യാറാക്കുക.

18. മഗ്ദലന മറിയം 6

VI. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

19. വാക്ക് എന്ന കവിത 6

VII.

20. നിങ്ങളുടെ ഗ്രാമത്തിലെ ജലക്ഷാമം പരിഹരിക്കുവാനായി നിങ്ങൾ കണ്ടെത്തുന്ന മാർഗ്ഗങ്ങൾ വിശദീകരിക്കുക. 8